## 6. ആധുനിക ഇസ്‌ലാമിക ചരിത്രരചന: പൊതുവിശകലനം

മുസ്‌ലിം ലോകത്തെ, വിശിഷ്യാ മധ്യ പൗരസ്ത്യ ദേശത്തെയും ദക്ഷിണേഷ്യയിലെയും ആധുനിക മുസ്‌ലിം ചരിത്രകാരന്മാർ കരുത്തുറ്റതും പുരോഗമനാത്മകവുമായ ഒരു ചരിത്ര രചനാ പാരമ്പര്യത്തിന്റെ പൈതൃകം പേറുന്നവരാണ്. പല നിലക്കും അവർ ആ പൈതൃകത്തിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. എല്ലാ മുസ്‌ലിം നാടുകളിലെയും ഭാഷകളിലെയും ഏറ്റവും പുരാതനവും വികസിതവുമായ സാഹിത്യശാഖകളിൽ ഒന്നാണ് ചരിത്ര രചന. എട്ടും പതിനൊന്നും നൂറ്റാണ്ടുകൾക്കിടയിലാണ് ഈ സാഹിത്യ രൂപത്തിന്റെ ഘടനയും വിഷയവും വിവരണ സ്വഭാവവുമൊക്കെ രൂപംകൊണ്ടത്. വേണ്ടത്ര അയവോടും വികാസത്തോടും കൂടി, എന്നാൽ മൗലികമായി വലിയ മാറ്റമൊന്നും കൂടാതെ, 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം വരെ അത് നിലനില്ക്കുകയും ചെയ്തു. സമ്പന്നവും വൈവിധ്യപൂർണവുമായിരുന്നുവെങ്കിലും പരമ്പരാഗത ചരിത്ര രചനാ രീതിയുടെ രൂപങ്ങളും കാഴ്ചപ്പാടുകളും അപര്യാപ്തമാണെന്ന് 1840-കളോടെ ബോധ്യപ്പെടാൻ തുടങ്ങി. ഇസ്‌ലാമിക ലോകത്ത് ജീവിതത്തിന്റെ സർവ മണ്ഡലങ്ങളിലും യൂറോപ്പ് ഉയർത്തിയ മൗലികമായ വെല്ലുവിളികളാണ് ഈയൊരു ബോധം ഉളവാക്കിയത്.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ചെറിയൊരു വിഭാഗം ചരിത്രകാരന്മാർ യൂറോപ്യൻ ഗവേഷണ രീതിയെയും സമീപനങ്ങളെയും മാതൃകയാക്കി ചരിത്ര രചന തുടങ്ങിയിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തെ രണ്ടു ദശകങ്ങളിൽ മുസ്‌ലിം ലോകത്ത് യൂറോപ്യൻ മാതൃകയിലുള്ള സർവകലാശാലകൾ സ്ഥാപിതമായി. അതിന്റെ സ്വാഭാവിക പരിണതിയായി ചരിത്ര രചനയുടെ പ്രൊഫഷനലൈസേഷനും വർധിച്ചു. അത് ഇന്നും തുടരുകയാണ്. അക്കാരണത്താൽ യൂറോപ്പിലും അമേരിക്കയിലുമെന്നപോലെ മുസ്‌ലിം ലോകത്തും ഇന്ന് ചരിത്ര രചന മുഖ്യമായും ഒരു അക്കാദമിക സംരംഭമായി മാറിയിരിക്കുന്നു.

വിശാലമായ ഇസ്‌ലാമിക ലോകത്തിലെ ചരിത്ര രചനാ സംരംഭങ്ങളെ പൂർണമായി അവലോകനം ചെയ്യാൻ ഇവിടെ സാധ്യമല്ല. അതിനാൽ അറബ് രാജ്യങ്ങൾ, തുർകി, ഇറാൻ എന്നീ രാജ്യങ്ങളെ മാതൃകയായി എടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇന്ത്യയിലെയും പാകിസ്താനിലെയും ഉത്തരാഫ്രിക്കയിലെയും ഇസ്‌ലാമിക ചരിത്ര രചന ഈ രാജ്യങ്ങളിലെ ചരിത്ര രചനയുമായി ബന്ധപ്പെട്ടുകൊണ്ട് വികാസം പ്രാപിച്ചതാണെന്നതിനാൽ ഇങ്ങനെ ചെയ്യുന്നതിൽ അപാകതയോ അസാംഗത്യമോ ഇല്ല.

### (i) 19-ാം നൂറ്റാണ്ട്

രാഷ്ട്രീയ സമ്പദ് മേഖലകളിലാണ് യൂറോപ്പിന്റെ വെല്ലുവിളി വളരെ വേഗം അനുഭവപ്പെട്ടത്. ചരിത്ര വീക്ഷണത്തിൽ സാരമായ മാറ്റമൊന്നും തുടക്കത്തിൽ അത് വരുത്തിയിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ വളരെച്ചെറിയ ഒരു ന്യൂനപക്ഷം മാത്രമേ യൂറോപ്പ് ഉയർത്തിയ സാംസ്കാരിക വെല്ലുവിളികളെക്കുറിച്ച് ബോധവാന്മാരായിരുന്നുള്ളൂ. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കമായപ്പോഴേക്കും ആ ബോധം ഏറക്കുറേ എല്ലാവരിലും വ്യാപിച്ചുകഴിഞ്ഞിരുന്നു.

19-ാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ഒന്നാം ലോകയുദ്ധം വരെയുള്ള കാലയളവിൽ ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരുന്ന ബൗദ്ധികമായ നിലപാടു മാറ്റങ്ങൾ ചരിത്ര രചനയെ സ്വാധീനിക്കുകതന്നെയുണ്ടായി. എങ്കിലും ഇക്കാലത്തെ ചരിത്ര കൃതികൾ രിഫാഅഃ റാഫിഉൗ അത്ത്വഹ്ത്വാവി (1801-1873), നാമിക് കമാൽ (1840-1888), ജമാലുദ്ദീനിൽ അഫ്ഗാനി (1839-97), മുഹമ്മദ് അബ്ദു (1849-1905) തുടങ്ങിയവരുടെ രാഷ്ട്രീയ, സാംസ്കാരിക പ്രബന്ധങ്ങളോട് കിടപിടിക്കുന്നതായിരുന്നില്ല. ചരിത്രരചന ഒരു തൊഴിലായി സ്വീകരിക്കാത്തവരാണ് അവ കൈകാര്യം ചെയ്തത് എന്നതും അക്കാലത്തെ പ്രമുഖ ബുദ്ധിജീവികളാരും അതിന് മുൻകൈയെടുത്തില്ല എന്നതുമാവാം നിലവാരക്കുറവിനു കാരണം. പുതിയ മാറ്റങ്ങൾ ആദ്യം പ്രകടമായത് കൈറോയിലും ഇസ്തംബൂളിലുമായിരുന്നു. കാരണം, ഈ രണ്ടു പട്ടണങ്ങളായിരുന്നു പാശ്ചാത്യ സമ്മർദത്തിനു ഏറ്റവുമധികം വിധേയമായിരുന്നത്. മാത്രമല്ല, അവിടത്തെ ഭരണകൂടങ്ങൾ ഏറ്റവുമധികം പരിഷ്കരണ ത്വര ഉള്ളവയുമായിരുന്നു.

പുതിയ ചരിത്ര രചനാ രീതിയുടെ പ്രഥമവും പ്രധാനവുമായ കേന്ദ്രം കൈറോ ആയിരുന്നു. പരമ്പരാഗത രീതിയിലുള്ള ഏറ്റവും ഒടുവിലത്തെ പ്രമുഖ ചരിത്ര ഗ്രന്ഥമായ അബ്ദുർറഹ്മാനിൽ ജബർതി(1753-1826)യുടെ *അജാഇബുൽ ആഥാർ* കൈറോയിലായിരുന്നു പ്രസിദ്ധീകൃതമായത്. 18-ാം നൂറ്റാണ്ടിൽ മംലൂക് ഭരണകൂടത്തിന്റെ തകർച്ചക്കും 1798-1801-ലെ ഫ്രഞ്ച് അധിനിവേശത്തിനും മുഹമ്മദ് അലി(1805-1848)യുടെ വിവാദ വിധേയമായ പരിഷ്കരണങ്ങൾക്കുമൊക്കെ സാക്ഷ്യം വഹിച്ച ചരിത്രകാരനായിരുന്നു ജബർതി. എന്നിട്ടും 14-ഉം 15-ഉം നൂറ്റാണ്ടുകളിലെ പ്രമുഖ ചരിത്രകാരന്മാരുടെ മാതൃക കൈവിടാതെ പുരാവൃത്ത/ജീവചരിത്ര ശബ്ദകോശ ചട്ടക്കൂട്ടിലൊതുങ്ങിനിന്ന് രചന നടത്താനാണ് അദ്ദേഹം തൃപ്തിപ്പെട്ടത്.

വിദ്യാർഥികളെ ഉപരിപഠനാർഥം ഫ്രാൻസിലേക്കയച്ച മുഹമ്മദ് അലിയുടെ നടപടി ഒരുവിഭാഗം ഈജിപ്തുകാർക്ക് സമകാലിക യൂറോപ്പിന്റെ സംസ്കാരവും ചിന്താഗതിയും മനസ്സിലാക്കാൻ അവസരമൊരുക്കി. ത്വഹ്ത്വാവിയുടെ നേതൃത്വത്തിൽ അദ്ദേഹം ആരംഭിച്ച പരിഭാഷാ കേന്ദ്രങ്ങളും പരിവർത്തനങ്ങൾക്ക് ആക്കം കൂട്ടി. വൈദ്യശാസ്ത്രം, എഞ്ചിനിയറിംഗ്, ഭൂമിശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങളിലുള്ള നിരവധി കൃതികൾ അറബിയിലേക്കും തുർകിയിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. ഇവയിൽ ചരിത്ര ഗ്രന്ഥങ്ങൾ തുലോം കുറവായിരുന്നു. വിവർത്തനം ചെയ്യപ്പെട്ടവതന്നെ വോൾട്ടയറെയും മോൺടെസ്ക്യുവിനെയും പോലുള്ള നവോത്ഥാന കാലക്കാരുടെതായിരുന്നു. റാങ്കെയുടെ പുതിയ ശാസ്ത്രീയ ചരിത്രമോ മൈക്കലറ്റിന്റെ കാല്പനിക ദേശീയതയെയോ പ്രതിനിധീകരിക്കുന്ന കൃതികളൊന്നും വിവർത്തനം ചെയ്യപ്പെട്ടവയിൽ ഉൾപ്പെട്ടിരുന്നില്ല. എങ്കിലും അവ ഭൂതകാലത്തെ തികച്ചും നൂതനമായ രീതികളിലൂടെ പരിശോധിക്കാനുള്ള വഴി തുറക്കുകയുണ്ടായി.

പുതിയ സാധ്യതകളും സംഘർഷങ്ങളും പ്രതിഫലിക്കുന്ന ആദ്യത്തെ അറബി ചരിത്ര കൃതി അലി മുബാറകി(1824-1893)ന്റെ *അൽഖിത്വത്വുത്തൗഫീഖിയ്യതുൽ ജദീദഃ*യാണ്. 1886-88 കാലഘട്ടത്തിൽ കൈറോയിൽ 20 വാല്യങ്ങളായാണ് അത് പ്രസിദ്ധീകൃതമായത്. തഖിയ്യുദ്ദീനിൽ മഖ്രീസി (മ. 1442)യുടെ ക്ലാസിക് രചനയോട് സാദൃശ്യമുള്ള ഈ കൃതി ചരിത്ര-ജീവചരിത്ര വിവരണങ്ങളുടെയും ഭൂമിശാസ്ത്ര വിശദീകരണങ്ങളുടെയും ഭരണകൂടത്തിന്റെ ഔദ്യോഗിക രേഖകളുടെയും മിശ്രണമായിരുന്നു. ആശയപരമായും ഘടനാപരമായും യാഥാസ്ഥിതികമായിരുന്നു ഈ ഗ്രന്ഥം. എങ്കിലും അതിന്റെ ഉള്ളടക്കം പുതിയ സാമൂഹിക, രാഷ്ട്രീയ ക്രമത്തിന്റെ ഒട്ടേറെ വശങ്ങൾ പ്രതിഫലിപ്പിക്കുന്നുണ്ട്. ഇത്തരം 'സങ്കര രചന'കൾ പിന്നീട് അധികമൊന്നും ഉണ്ടായില്ല. 1916-36 കാലഘട്ടത്തിൽ

ആറു വാല്യങ്ങളായി പുറത്തിറങ്ങിയ അമീൻസാമി(1860–1941)യുടെ *തഖ്‌വീമുന്നീൽ* ശൈലിയിലും ഉള്ളടക്കത്തിലും *അൽഖിത്വത്വുത്തൗഫീഖിയ്യഃ*യോട് കുറേയൊക്കെ അടുപ്പം പുലർത്തിയ കൃതിയാണ്.

ഉറാബി കാലഘട്ടത്തിലെ രാഷ്ട്രീയ–ആദർശ പ്രതിസന്ധി ഒരു വഴിത്തിരിവായിരുന്നു. ക്രോമർ പ്രഭുവിന്റെ കടുത്ത നിയന്ത്രണങ്ങൾ കാരണം രാഷ്ട്രീയ ജീവിതം സ്വാതന്ത്ര്യരഹിതവും ദുഷ്കരവുമായതിനാൽ കുറേ കാലത്തേക്ക് അതിന്റെ നേരിയ ഫലങ്ങൾ മാത്രമേ അനുഭവപ്പെട്ടുള്ളൂ. സാലിം നഖ്ഖാശിന്റെ ഉറാബി ലഹളയെക്കുറിച്ചു പ്രതിപാദിക്കുന്ന *മിസ്ർ ലിൽമിസ്‌രിയ്യീൻ* എന്ന കൃതി മാത്രമായിരുന്നു ഏക അപവാദം. 1884–ൽ അലക്സാണ്ട്രിയയിൽ ആറ് വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട ഈ ഗ്രന്ഥം മുഖ്യമായും സർക്കാർ രേഖകളെയും വിചാരണാ നടപടികളെയും അവലംബിച്ചുള്ളതായിരുന്നു.

19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ചെറിയ മാറ്റങ്ങളുള്ള സാമ്പ്രദായിക രീതിയിൽനിന്ന് സമകാലിക യൂറോപ്യൻ രീതികളിലേക്ക് ചരിത്ര രചന മാറിയത്. പുതിയ ചരിത്രകാരന്മാരിൽ ഏറ്റവും കൂടുതൽ വായനക്കാരെ ആകർഷിച്ചത് സിറിയൻ കുടിയേറ്റക്കാരനായ ജുർജീ സൈദാൻ(1861–1914) ആണ്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ചരിത്ര കൃതി *താരീഖുത്തമദ്ദുനിൽ ഇസ്‌ലാമി*യാണ്. 1902–1906–ൽ അഞ്ച് വാല്യങ്ങളിലായി കൈറോയിൽനിന്ന് അത് പ്രസിദ്ധീകൃതമായി. യൂറോപ്യൻ ഓറിയന്റലിസ്റ്റ് പണ്ഡിതന്മാരെ അനുകരിച്ചുള്ള ഈ രചനയെ സ്വതന്ത്രപഠനം എന്ന് വിലയിരുത്താനാവില്ല. ***Umayyads and Abbasids*** എന്ന പേരിൽ ഓറിയന്റലിസ്റ്റ് പണ്ഡിതനായ ഡേവിഡ് മാർഗോലിയോത്ത് (**David Margoliouth**) 1907–ൽ ലണ്ടനിൽ ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കുകയുണ്ടായി. മധ്യകാല ഇസ്‌ലാമിക ചരിത്രത്തെ 'ആധുനിക'രീതിയിൽ സമീപിക്കുന്ന ആദ്യത്തെ അറബി ഗ്രന്ഥമാണ് സൈദാന്റേത്. വളരെയേറെ വായിക്കപ്പെട്ട ഈ കൃതി പക്ഷേ, അധികമൊന്നും അനുകരിക്കപ്പെട്ടില്ല. പാശ്ചാത്യവൽക്കരണത്തോട് ആഭിമുഖ്യമുള്ള ക്രൈസ്തവനായതുകൊണ്ട് ആധുനിക മുസ്‌ലിംകളെസ്സംബന്ധിച്ചേടത്തോളം പ്രസക്തമായ രൂപത്തിൽ തന്റെ വിഷയം കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നതാവാം കാരണം. ദേശീയവാദികളായ ഈജിപ്ഷ്യൻ എഴുത്തുകാരുടെ നിലപാടുകളും ചിന്താഗതികളും അദ്ദേഹത്തിനുണ്ടായിരുന്നില്ല താനും. 1910–ൽ ഈജിപ്ഷ്യൻ യൂനിവേഴ്സിറ്റിയിലെ ഇസ്‌ലാമിക ചരിത്ര വിഭാഗത്തിലേക്ക് ജുർജീ സൈദാന്റെ പേർ നിർദേശിക്കപ്പെട്ടെങ്കിലും രാഷ്ട്രീയ വൃത്തങ്ങളിലുയർന്ന പ്രതിഷേധം മൂലം അത് പിൻവലിക്കുകയായിരുന്നു.

ചരിത്ര രചനാരംഗത്ത് തികച്ചും വ്യത്യസ്തമായ രീതിയിലുള്ള വികസനത്തിനാണ് ഇസ്തംബൂൾ സാക്ഷ്യം വഹിച്ചത്. നൂറ്റാണ്ടുകളായി നിലനിന്നു പോന്ന കൊട്ടാരം കൂലിയെഴുത്തുകാരുടെ പിൻമുറക്കാരായിരുന്നു അവിടത്തെ ചരിത്രകാരന്മാർ. ഏറ്റവും ഒടുവിലത്തെ ഉഥ്മാനീ കൊട്ടാരം ചരിത്രകാരന്മാരായ അഹ്മദ് ജൗദത് പാഷ (1822–1895), അഹ്മദ് ലുത്ഫീ അഫൻദി (1816–1907) എന്നിവരുടെ ചരിത്ര കൃതികളിൽ പോലും കടുത്ത പഴഞ്ചൻ പ്രവണത കാണാം. തങ്ങൾക്കു ചുറ്റും സമൃദ്ധമായ പരിവർത്തനം  നടക്കുന്നതായി ഇരു ചരിത്രകാരന്മാരും തിരിച്ചറിഞ്ഞിരുന്നു. ലുത്ഫി അതിനെ പ്രതിരോധിക്കാൻ ശ്രദ്ധിക്കുമ്പോൾ ജൗദത് പാഷ കുറച്ചുകൂടി യാഥാർഥ്യാധിഷ്ഠിതമായ നിലപാടാണ് സ്വീകരിക്കുന്നത്. തൻസീമാത് (**Tanzimat**) കാലഘട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾക്ക് ലുത്ഫി ഔദ്യോഗിക ഗസറ്റുകളാണ് ഉപയോഗപ്പെടുത്തിയത്. അതുകൊണ്ടുതന്നെ ആ നിർണായക ഘട്ടത്തെക്കുറിച്ച ഇടുങ്ങിയതും കൃത്രിമവുമായ വിവരങ്ങൾ നല്കാനേ അദ്ദേഹത്തിന്റെ *താരീഖി ലുത്ഫി* (എട്ടു വാല്യം, ഇസ്തംബൂൾ, 1873–1910)ക്ക് കഴിഞ്ഞുള്ളൂ. മന്ത്രി, ഗവർണർ തുടങ്ങിയ ചുമതലകൾ വഹിച്ചിരുന്ന പാഷ തകർച്ച നേരിടുന്ന ഭരണകൂടത്തെക്കുറിച്ച് തികഞ്ഞ ബോധവാനായിരുന്നു. അദ്ദേഹത്തിന്റെ രചനയിലും അതിന്റെ സ്വാധീനം കാണാം. 1774–നും 1826–നുമിടക്കുള്ള നിർണായകമായ അർധ ശതകത്തെക്കുറിച്ച് 12 വാല്യങ്ങളിലായി 30 വർഷംകൊണ്ട് അദ്ദേഹം എഴുതിയ ***Tarihi Vekayii devletialiye*** പരമ്പരാഗത ശൈലിയിലുള്ളതാണെങ്കിലും അനേകം ഉഥ്മാനീ, യൂറോപ്യൻ രേഖകൾ അതിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉഥ്മാനീ ബുദ്ധിജീവിയായിരുന്ന നാമിക് കമാലിന്റെ ചരിത്ര കൃതികൾ ലുത്ഫിയുടെയും പാഷയുടെയും ഗ്രന്ഥങ്ങളെക്കാൾ പുരോഗമന സ്വഭാവം പുലർത്തുന്നവയാണ്. 1908–ൽ 'യുവതുർകികൾ' അധികാരം പിടിക്കുകയും തുടർന്ന് കമാലിസ്റ്റ് വിപ്ലവം നടക്കുകയും ചെയ്തതോടെ ചരിത്ര രചനാ രീതിയിലും മാറ്റങ്ങളുണ്ടായി. സമകാലിക യൂറോപ്യൻ സാമൂഹിക ശാസ്ത്രവും ചരിത്രവും, ചിന്തകനും രാഷ്ട്രീയക്കാരനുമായ **Ziya Gokalp** ( 1875–1924) തുർകീ ധൈഷണിക ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നതോടെ അതിന്ന് വമ്പിച്ച സ്വീകാര്യതയുണ്ടായി.  ഒന്നാം ലോക യുദ്ധത്തിനുശേഷം അതാതുർകിന്റെ പുതിയ തലമുറ ആധുനിക തുർകിയുടെ ചരിത്രമെഴുതാനും തുടങ്ങി.

കൈറോയിലും ഇസ്തംബൂളിലും ബൗദ്ധിക മണ്ഡലത്തിലുണ്ടായ പരിവർത്തനങ്ങൾ 19–ാം നൂറ്റാണ്ടിലെ ഇറാനിൽ കാണാൻ കഴിഞ്ഞില്ല. രാജ്യത്തിന്റെ ഒറ്റപ്പെട്ട അവസ്ഥയും ദാരിദ്ര്യവും ഖാജാർ കൊട്ടാരവും, പരമ്പരാഗത രീതിയിൽ തന്നെ ചരിത്ര രചന തുടരാൻ ചരിത്ര പണ്ഡിതരെ നിർബന്ധിച്ചു. 1905–11–ലെ ഭരണഘടനാ വിപ്ലവം പരിവർത്തന പ്രക്രിയയിലെ ഒരു നാഴികക്കല്ലായിരുന്നു. എങ്കിലും പില്ക്കാലത്തെ പേർഷ്യൻ ബൗദ്ധിക വിസ്ഫോടനം മുഴുവൻ ആ പ്രക്ഷോഭത്തിന്റെ ഫലമായിരുന്നുവെന്ന് വിലയിരുത്തുന്നത് ശരിയല്ല.